പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3736 — 20.06.2019 -ൽ മറുപടിക്ക്

## റേഷൻ കടകളിലൂടെ നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത അരി വിതരണത്തിനായി എത്തിച്ചതായുള്ള പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിന്റെ കീഴിലുള്ള എ.ആർ.ഡി. 2, 119 എന്നീ കടകളിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾക്ക് ഗുണമേന്മയില്ലെന്ന് കണ്ടെത്തിയതിനാൽ സപ്ലൈകോ എൻ.എഫ്.എസ്.എ ഡിപ്പോയിലേക്ക് മാറ്റി പകരം ഭക്ഷ്യയോഗ്യമായവ ടി കടകളിൽ എത്തിച്ച് വിതരണം ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി താലൂക്കിൽ ഗുണമേന്മയില്ലാത്തതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ അരി റേഷൻ കടകളിൽ വിതരണം ചെയ്തുവെന്ന പരാതിയെ തുടർന്ന് 195 ക്വിന്റൽ അരി തിരിച്ചെടുത്ത് സപ്ലൈകോ ഡിപ്പോയിലേക്ക് മാറ്റുകയും പകരം വിതരണയോഗ്യമായ അരി നൽകുകയും ചെയ്തിട്ടുണ്ട്. തൊടുപുഴ താലൂക്കിലെ 135- ാം നമ്പർ റേഷൻ കടയിലിരുന്ന് പഴകിയ അരി വിതരണം ചെയ്തതായി പരാതി ലഭിക്കുകയും, പരിശോധനയിൽ ആയത് ബോധ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് ടി റേഷൻകട സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ ഫലവത്തായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപം ഗൗരവകരമായി കണ്ട് സർക്കാർ നടപടി സ്വീകരിക്കുമോ ? | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതു മുതൽ സപ്ലൈകോയാണ് വാതിൽപ്പടി വിതരണം നടത്തി വരുന്നത്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ ൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ് വരുത്തി, ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേക്കും, അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണിലെ ബന്ധപ്പെട്ട |

ഉദ്യോഗസ്ഥരും, എ.ആർ.ഡികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം നടത്തുന്നത്. മാത്രമല്ല ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും, എ.ആർ.ഡി കളിലും FIFO (First in First Out method) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ